# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2130** — **11/06/2018-ൽ മറുപടിക്ക്**

## നിപ വൈറസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. രാജൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) നിപ വൈറസ് ബാധമൂലം മരണം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആശുപത്രികളിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കും, രോഗികളുടെ കൂട്ടിരിപ്പുകാർക്കും മറ്റ് രോഗികൾക്കും രോഗബാധ വരാതിരിക്കാനുള്ള മുൻകരുതലുകൾ എല്ലാ ആശുപത്രികളിലും നടപ്പാക്കിയിട്ടുണ്ട്. എല്ലാ ജില്ല/ജനറൽ/മെഡിക്കൽ കോളേജ് ആശുപത്രികളിലും ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കി പേഴ്സണൽ പ്രൊട്ടക്ഷൻ എക്യുപ്മെന്റ് ഒരുക്കി നൽകിയിട്ടുണ്ട്. അതുപോലെ കൂട്ടിരിപ്പുകാരുടെ എണ്ണം നിയന്ത്രിക്കാനും സന്ദർശകരെ നിയന്ത്രിക്കാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആംബുലൻസിന്റെ ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് ബോധവത്കരണവും നടത്തുന്നുണ്ട്. |
| ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിപ വൈറസ് ബാധ പരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുമോ? | ബി) തത്കാലം പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ